**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2032** **09-12-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | **ഡോ. ആർ ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** |
| (എ) കോഴിക്കോട് ജില്ലയിൽ വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) കോഴിക്കോട് ജില്ലയിൽ സാമൂഹ്യനീതി ഡയറക്ടേറ്റിന് കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു . |

| ക്രമ നം | പദ്ധതികളുടെ വിശദാംശങ്ങൾ | ഈ വർഷം ഇതുവരെ അനുവദിച്ച തുക |
|---|---|---|
| 1 | വിവിധ ദിനാചരണങ്ങൾ (സർക്കാരിന്റെ ഒന്നാം വാർഷികം /Elder Abuse Awareness /Old age day/World Differently abled Day (ഉണർവ്) | 3,00,000 |
| 2 | വയോജന ക്ഷേമം (ഫുഡ് കിറ്റ് / വയോരക്ഷ /സായംപ്രഭ/MWPSC Act തുടങ്ങിയവ) | 9,57,839 |
| 3 | LLC Working Fund/Niramaya Insurance | 1,51,000/- |
| 4 | വിവിധ ഭിന്നശേഷി വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ. | 42,19,000/- |
| 5. | കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ചേർന്നുള്ള CDMRP പദ്ധതി | 53,92,301/- |
| 6. | ട്രാൻസ് ജെന്ഡർ വെൽഫെയർ | 48,000/- |
| 7. | സൈക്കോ സോഷ്യൽ ഗ്രാന്റ് | 7,26,147/- |
| 8. | മിശ്ര വിവാഹ ധനസഹായം | 1,31,70,000/- |
| 9. | OCB കൗൺസിലർമാർക്കുള്ള വേതനം | 114808/- |
| 10. | നേർവഴി പദ്ധതി (പ്രൊബേഷൻ) | 6,55,965/- |

സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് മുഖേന ഭിന്നശേഷിക്കാർക്കായുള്ള അവകാശ നിയമത്തിന്റെ പ്രചരണവും

<table>
<tr><td></td><td></td><td></td><td>നടത്തിപ്പം സംസ്ഥനംമൊട്ടാകെ നടപ്പിലാക്കി വരുന്നുണ്ട്. വികലാംഗ ക്ഷേമ കേപ്പറേഷൻ മുഖേന പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെയാണ് നടപ്പിലാക്കി വരുന്നത് .<br><br>കേരള സാമൂഹ്യ സുരക്ഷാമിഷൻ - സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖാന്തിരം ഭിന്നശേഷിക്കാർക്കായി അനുയാത്ര എന്ന പേരിൽ ഒരു സമഗ്രപദ്ധതി സംസ്ഥനത്താകമാനം നടപ്പിലാക്കി വരുന്നു . അനുയാത്രയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു .</td></tr>
<tr><td>(ബി)</td><td>കഴിഞ്ഞ അഞ്ച് വർഷം വിനിയോഗിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;</td><td>(ബി)</td><td>കേരള സാമൂഹ്യ സുരക്ഷാമിഷൻ - സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾക്കായി വിനിയോഗിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു<br>
<table>
<tr><th>ക്രമ നം</th><th>പദ്ധതി</th><th>വിനിയോഗിച്ച തുക (രൂപയിൽ)</th></tr>
<tr><td>1</td><td>റീജിയണൽ ഏർളി ഇൻറർവെൻഷൻ സെൻർ / ഓട്ടിസം സെന്ററുകൾ</td><td>2,42,53,880/-</td></tr>
<tr><td>2</td><td>മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്</td><td>1,96,60,000/-</td></tr>
<tr><td>3</td><td>യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ്</td><td>65,62,180/-</td></tr>
<tr><td>4</td><td>സ്പെഷ്യൽ അംഗന വാടി പദ്ധതി</td><td>2,59,63,949/-</td></tr>
</table>
ആകെ 7,64,40,009<br><br>സാമൂഹ്യനീതി ഡയറക്ടേറ്റിൽ കഴിഞ്ഞ അഞ്ച് വർഷം വിനിയോഗിച്ച തുകയുടെ വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.</td></tr>
<tr><td>(സി)</td><td>ജില്ലാ സാമൂഹ്യക്ഷേമ ഓഫീസിന് കീഴിൽ എത്ര താൽകാലിക ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ ശമ്പളം ഏത് ഇനത്തിൽ നിന്നാണ് നൽകുന്നത്; വിശദമാക്കുമോ;</td><td>(സി)</td><td>കോഴിക്കോട് ജില്ലയിൽ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ റീജിയണൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന ഒരു താത്കാലിക ജീവനക്കാരി നിലവിൽ ജോലി ചെയ്യുന്നുണ്ട് .കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നുമാണ് ടിയാളുടെ ശമ്പളം നൽകുന്നത്.<br><br>ജില്ലാ സാമൂഹ്യനീതി ഓഫീസിനു കീഴിൽ 5 താത്കാലിക ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്. ഇവരിൽ 2 പേർ ഓർഫനേജ് കൺട്രോൾ ബോർഡുമായി ബന്ധപ്പെട്ട ജോലികളും 2 പേർ MWPSC Act പ്രകാരമുള്ള കേസുകൾ തീർപ്പാക്കുന്നതിനു RDO ഓഫീസുകളിലും ഒരാൾ Elder Help Line പദ്ധതിയുടെ ഫീൽഡ് തല പ്രവർത്തനങ്ങൾക്കായും പ്രവർത്തിച്ചു വരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡുമായി ബന്ധപ്പെട്ട ജോലികൾക്കായി നിയോഗിച്ച ജീവനക്കാർക്ക് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നോൺപ്ലാൻ ശീർഷകത്തിൽ നിന്നും, RDO ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് സാമൂഹ്യനീതി വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും</td></tr>
</table>

| | | | |
|---|---|---|---|
| | | | Elderline ഫീൽഡ് ജീവനക്കാർക്ക് കേന്ദ്ര സർക്കാർ ഫണ്ടിൽ നിന്നും ശമ്പളം നൽകി വരുന്നു. |
| (ഡി) | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുമോ? | (ഡി) | വികലാംഗ ക്ഷേമ കോർപ്പറേഷന്റെ കോഴിക്കോട് റീജിയണൽ ഓഫീസിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 6 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. 179 ദിവസത്തേയ്ക്കാണ് നിയമനം നടക്കുന്നത് . നിയമന കാലാവധി പൂർത്തിയാകുമ്പോൾ എംപ്ലോയ്മെന്റിൽ നിന്നും ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്നും ഇന്റർവ്യൂ നടത്തി പുതിയ നിയമനം നടത്തുകയും കാലാവധി പൂർത്തിയായ ആളുടെ സേവനം അവസാനിപ്പിക്കുകയുമാണ് ചെയ്തു വരുന്നത് |

സെക്ഷൻ ഓഫീസർ

അനുബന്ധം - II

2017-18

| ക്രമ നം | പദ്ധതികളുടെ വിശദാംശങ്ങൾ | ചിലവഴിച്ച തുക |
|---|---|---|
| 1 | നിർഭയ | 71,43,278/- |
| 2 | OCB പരിപാടികൾ | 1,29,,000/- |
| 3 | കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ചേർന്നുള്ള CDMRP പദ്ധതി | 1,10,32,250/- |
| 4 | വനിത ശാക്തികരണ - വ്യക്തിഗത ഗുണഭോക്ത പദ്ധതികൾ | 64,38,665/- |
| 5 | എന്റെ കൂട് | 4,67,935/- |
| 6 | Our Responsibility to Children (ORC) | 27,77,838/- |
| 7 | വിവിധ ഭിന്നശേഷി വ്യക്തിഗത ഗുണഭോക്ത പദ്ധതികൾ | 32,85,550/- |
| 8 | വിവിധ ദിനാചരണങ്ങൾ | 2,72,000/- |
| 9 | ICPS | 33,48,050/- |
| 10 | സൈക്കോ സോഷ്യൽ ഗ്രാന്റ് | 23,91,600/- |
| 11 | വയോജന ക്ഷേമം | 19,63,000/- |
| 12 | IMHANS മായി ചേർന്നുള്ള പദ്ധതി | 32,80,000/- |
| 13 | NIMHANS മായി ചേർന്നുള്ള പദ്ധതി | 7,54,500/- |
| 14 | Federation of the Blind മായി ചേർന്നുള്ള പദ്ധതി | 3,37,600/- |
| 15 | ഓട്ടിസം ഡയഗ്നോസ്റ്റിക് ടൂൾ . കോഴിക്കോട് മെഡിക്കൽ കോളേജുമായി ചേർന്നുള്ള പദ്ധതി | 3,48,000/- |
| 16 | OCB Grant | 1,589,04,915/- |
| 17 | Intercaste Marriage assistance fund | 3,00,000/- |

2018-19

| ക്രമ നം | പദ്ധതികളുടെ വിശദാംശങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 1 | എന്റെ കൂട് | 4,37,436/- |
| 2 | OCB grant | 92,51,786/- |
| 3 | വിവിധ ഭിന്നശേഷി വ്യക്തിഗത ഗുണഭോക്ത പദ്ധതികൾ | 34,45,836/- |
| 4 | വിവിധ ദിനാചരണങ്ങൾ | 74,323/- |
| 5 | ICPS | 7742/- |

| | | |
|---|---|---|
| 6 | സൈക്കോ സോഷ്യൽ ഗ്രാന്റ് | 1,42,7100/- |
| 7 | വയോജന ക്ഷേമം | 3,55,855/- |
| 8 | IMHANS മായി ചേർന്നുള്ള പദ്ധതി | 27,81,409/- |
| 9 | NIMHANS മായി ചേർന്നുള്ള പദ്ധതി | 22,94,000/- |
| 10 | OCB Grant | 1,00,34,231/- |
| 11 | Intercaste Marriage assistance fund | 3,00,000/- |
| 12 | കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ചേർന്നുള്ള CDMRP പദ്ധതി | 1,39,82,963/- |
| 13 | T G ക്ഷേമ പരിപാടികൾ | 1,14,200/- |
| 14 | LLC Working Fund/Niramaya Insurance | 23,37,700/- |

2019-20

| ക്രമ നം | പദ്ധതികളുടെ വിശദാംശങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 1 | വിവിധ ഭിന്നശേഷി വ്യക്തിഗത ഗുണഭോക്ത പദ്ധതികൾ | 77,72,283/- |
| 2 | വിവിധ ദിനാചരണങ്ങൾ | 1,09,127/- |
| 3 | ICPS | 28,200/- |
| 4 | വയോജന ക്ഷേമം | 9,69,719/- |
| 5 | IMHANS മായി ചേർന്നുള്ള പദ്ധതി | 34,98,500/- |
| 6 | NIMHANS മായി ചേർന്നുള്ള പദ്ധതി | 14,79,005/- |
| 7 | OCB Grant | 1,18,799/- |
| 8 | Intercaste Marriage assistance fund | 3,00,000/- |
| 9 | കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ചേർന്നുള്ള CDMRP പദ്ധതി | 1,16,95,840/- |
| 10 | T G ക്ഷേമ പരിപാടികൾ | 4,34,096/- |
| 11 | LLC Working Fund/Niramaya Insurance | 2,73,923/- |
| 12 | എന്റെ കൂട് | 5,000/- |

2020-21

| ക്രമ നം | പദ്ധതികളുടെ വിശദാംശങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 1 | വിവിധ ഭിന്നശേഷി വ്യക്തിഗത ഗുണഭോക്ത പദ്ധതികൾ | 28,19,835/- |
| 2 | വിവിധ ദിനാചരണങ്ങൾ | 1,75,000/- |
| 3 | സൈക്കോ സോഷ്യൽ ഗ്രാന്റ് | 1,52,9038/- |
| 4 | വയോജന ക്ഷേമം | 8,41,680/- |
| 5 | IMHANS മായി ചേർന്നുള്ള പദ്ധതി | 29,94,216/- |
| 6 | NIMHANS മായി ചേർന്നുള്ള പദ്ധതി | 7,26,021/- |

| | | |
|---|---|---|
| 7 | OCB Grant | 1,30,93,257/- |
| 8 | Intercaste Marriage assistance fund | 4,50,000/- |
| 9 | കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ചേർന്നുള്ള CDMRP പദ്ധതി | 1,04,23,916/- |
| 10 | T G ക്ഷേമ പരിപാടികൾ | 2,57,454/- |
| 11 | LLC Working Fund/Niramaya Insurance | 22,02,624/- |
| 12 | HLFPPT - HMDC | 68,05,935/- |
| 13 | Covid പ്രതിരോധ പ്രവർത്തനങ്ങൾ | 2,53,195/- |

2021-22

| ക്രമ നം | പദ്ധതികളുടെ വിശദാംശങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 1 | വിവിധ ഭിന്നശേഷി വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ | 85,13,822/- |
| 2 | വിവിധ ദിനാചരണങ്ങൾ | 69,726/- |
| 3 | സൈക്കോ സോഷ്യൽ ഗ്രാന്റ് | 13,64,330/- |
| 4 | വയോജന ക്ഷേമം | 7,92,642/- |
| 5 | IMHANS മായി ചേർന്നുള്ള പദ്ധതി | 24,82,130/- |
| 7 | OCB Grant | 24,97,574/- |
| 8 | Intercaste Marriage assistance fund | 11,40,000/- |
| 9 | കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ചേർന്നുള്ള CDMRP പദ്ധതി | 87,14,400/- |
| 10 | T G ക്ഷേമ പരിപാടികൾ | 1,14,438/- |
| 11 | LLC Working Fund/Niramaya Insurance | 17,55,650/- |
| 12 | HLFPPT - HMDC | 8,99,603/- |
| 13 | Covid പ്രതിരോധ പ്രവർത്തനങ്ങൾ | 18,495/- |

## അനുബന്ധം I

**1. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ റീജിയണൽ ഏർളി ഇൻറർവെൻഷൻ സെൻറർ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി കോഴിക്കോട് മെഡിക്കൽ കോളേജ്ിൽ റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. അംഗപരിമിത സ്ക്രീനിംഗ്, ഏർളി ഇൻറർവെൻഷൻ, തെറാപ്പി, പരിശീലനങ്ങൾ തുടങ്ങിയവ ഈ സെന്ററുകളിലൂടെ ലഭ്യമാക്ി വരുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഒരു ഡോക്ടറാണ് ഈ കേന്ദ്രത്തിന്റെ നോഡൽ ഓഫീസർ. പ്രസ്തുത കേന്ദ്രത്തിൽ ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെടിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെന്റ് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നീ വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

**2. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ**

ഭിന്നശേഷിക്കാർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി സംസ്ഥാനത്താകമാനം **25** മൊബൈൽ ഇൻറർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെൻറൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ

എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം ഈ മൊബൈൽ ഇൻററർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ (എൻ.എച്ച്. എം) സഹകരണത്തോടെയാണ് നിലവിൽ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. കോഴിക്കോട് ജില്ലയിൽ രണ്ട് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്ുകൾ പ്രവർത്തിക്കുന്നു.

3. **കാതോരം പദ്ധതിയുടെ ഭാഗമായ നവജാത ശിശുക്കളുടെ കേൾവി പരിശോധനാ സംവിധാനവും കേൾവി വൈകല്യ സ്ഥിരീകരണ സംവിധാനവും**

കുട്ടികളിലെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി **കാതോരം** എന്ന ഒരു സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിൻറുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, ഐ.എം.സി.എച്ച്, ജനറൽ ആശുപത്രി, താമരശ്ശേരി താലൂക്ക് ആശുപത്രി എന്നീ ആശുപത്രികളിൽ പ്രസ്തുത സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രികളിൽ ജനിക്കുന്ന 97% നവജാത ശിശുക്കളേയും നിലവിൽ കേൾവി പരിശോധനക്ക് വിധേയമാക്കുന്നുണ്ട്. മറ്റു ആശുപത്രികളിൽ പ്രസവിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രത്തിലെത്തി ഈ സേവനം ലഭ്യമാക്കാവുന്നതാണ്. ഇതിനായി ഓട്ടോ അകൗസ്റ്റിക് എമിഷൻ സ്ക്രീനർ എന്ന ഉപകരണവും പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത്

നെഴ്സിന്റെ സേവനവും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ കേൾവി പരിശോധന അമ്മയും കുഞ്ഞും ആശുപത്രി വിടുന്നതിന് മുൻപായി നടത്തുന്നു.

കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം കോഴിക്കോട് ജില്ലാ ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിലെ നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ് കേന്ദ്രങ്ങളിലാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്.

കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുകയും 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നതിനുള്ള സൗകര്യം ശ്രുതിതരംഗം പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. കോക്ലിയാർ ഇംപ്ലാന്റേഷനു ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾക്കായി കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രവും സ്ഥാപിച്ചിട്ടുണ്ട്.

## 4. സ്പെഷ്യൽ അങ്കണവാടികൾ

പ്രീ സ്കൂൾ തലത്തിൽ തന്നെ കുട്ടികളിലെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിശീലനങ്ങളും പരിചരണങ്ങളും നൽകി ഇത്തരക്കാരായ പരമാവധി കുട്ടികളെ സാധാരണ സ്കൂളുകളിലേക്ക് അയക്കുക എന്ന ലക്ഷ്യത്തോടെയുള്ള സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽ നടന്നു വരുന്നു. ഒരു ഐ.സി.ഡി.എസ് പ്രോജക്റ്റിന്റെ കീഴിൽ ഒരു നോഡൽ സ്പെഷ്യൽ അംഗൻവാടിയും 2 സാറ്റലൈറ്റ് അംഗൻവാടികളും എന്ന നിലയിൽ ഒരു ഐ.സി.ഡി.എസ് പ്രോജക്റ്റിൽ 3 അംഗൻവാടികളാണ് സ്പെഷ്യൽ അംഗൻവാടികളായി പ്രവർത്തിക്കുന്നത്. ഒരു സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ഇവർക്കാവശ്യമായ പ്രത്യേക പരിശീലന സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്.

## 6. ഭിന്നശേഷിക്കാർക്കായുള്ള തിരിച്ചറിയൽ കാർഡ്

സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (യൂണിക് ഐഡി ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് – യു.ഡി.ഐ.ഡി) നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കേന്ദ്ര ഗവൺമെൻറ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ് വെയറിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അപ്ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. ഭിന്നശേഷിക്കാർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്റ്റ് വെയർ മുഖാന്തിരം ലഭ്യമാക്കുന്നു. ഇതിനോടകം കോഴിക്കോട് ജില്ലയിൽ 29,579 ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

7. **കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലും, ഇംഹാൻസിലും ഓട്ടിസം സെൻ്ററുകൾ**

ഓട്ടിസം ബാധിതരായവർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനായി കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലും, ഇംഹാൻസിലും ഓട്ടിസം സെൻററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെൻററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ഡവലപ്മെൻറ് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം പ്രസ്തുത സെൻ്ററുകളിലൂടെ ലഭ്യമാക്കി വരുന്നു.

സ്പെഷ്യൽ അംഗൻവാടി പദ്ധതി കോഴിക്കോട് ജില്ലയിൽ മാത്രമാണ് നടപ്പിലാക്കുന്നത്. ജില്ലകൾക്ക് പ്രത്യേകമായി തുക വകയിരുത്തുന്നില്ല. 2022-23 സാമ്പത്തിക വർഷത്തിൽ ഓരോ പദ്ധതിക്കും അനുവദിച്ച ആകെ തുകയുടെ അടിസ്ഥാനത്തിൽ ആനുപാതികമായി, കോഴിക്കോട് ജില്ലയിൽ പദ്ധതികൾ നടപ്പാക്കുന്നതിനായി ലഭ്യമാവുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | 2022-23 സാമ്പത്തിക വർഷത്തിൽ വകയിരിത്തിയിരിക്കുന്ന തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | റീജിയണൽ ഏർളി ഇൻറർവെൻഷൻ സെൻറർ | 26.59 |
| 2 | യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ് | 20.08 |
| 3 | സ്പെഷ്യൽ അംഗൻവാടി പദ്ധതി | 82.08 |
| 4 | ഓട്ടിസം സെന്റർ | 51.46 |
| | ആകെ | 180.21 |